ദളിത് സാഹിത്യ അക്കാഡമി കൺവീനറെ അച്ചടക്ക നടപടിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം

33 (1856) ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുന്ധതി റോയിക്ക് സ്വീകരണം നൽകിയതിന്റേയും മനുഷ്യാവകാശ സംഘടനയുടെ യോഗത്തിൽ പങ്കെടുത്തതിന്റേയും പേരിൽ ദളിത് സാഹിത്യ അക്കാഡമി ജനറൽ കൺവീനറും കോഴിക്കോട് അഡീഷണൽ സബ്ട്രഷറി ഉദ്യോഗസ്ഥനുമായ ശ്രീ. വി. പ്രഭാകരനെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന മെമ്മോ കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടിക്കെതിരെ ആക്ഷേപമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം സർക്കാർ ജീവനക്കാർ ഔദ്യോഗികമല്ലാത്ത മീറ്റിംഗ്, പൊതുപ്രസംഗം എന്നിവയിൽ പങ്കെടുക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്. ശ്രീ. പ്രഭാകരൻ ചട്ടത്തിന് വിരുദ്ധമായി മുകളിൽ പറഞ്ഞ വേദികളിൽ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നടപടി.

(സി) ഉണ്ട്.

ട്രഷറി സേവിംഗ്സ് കാര്യക്ഷമമാക്കാൻ നടപടി

34 (1857) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറി സേവിംഗ്സ് കാര്യക്ഷമമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ട്രഷറി സേവിംഗ്സിന്റെ പലിശ ശതമാനം ആകർഷകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 1998-99 നേക്കാൾ 1999-2000 ൽ എത്രകോടി രൂപ ട്രഷറി സേവിംഗ്സിൽ കൂടി സമാഹരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഡി) ട്രഷറി സേവിംഗ്സ് വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറി സേവിംഗ്സ് കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾക്ക് ബാങ്ക് നിരക്കുകളേക്കാൾ ഉയർന്ന പലിശ നിരക്ക് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2) നിക്ഷേപം സ്വരൂപിക്കുന്നതിനും നിക്ഷേപകർക്ക് ഇതര സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി ട്രഷറി ജീവനക്കാർക്ക് നിക്ഷേപത്തുകയുടെ 1% (ഒരു ശതമാനം) എന്ന നിരക്കിൽ ഇൻസന്റീവ് നൽകുന്നുണ്ട്

3) ഇതിന്റെ ഭാഗമായി സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾക്ക് ആകർഷകമായ കവർ മനോഹരമായ സേവിംഗ്സ് ബാങ്ക് ചെക്കുകൾ, സേവിംഗ്സ് ഇടപാടുകൾക്ക് പ്രത്യേക കൗണ്ടർ സൗകര്യം എന്നിവയും നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ട്രഷറി നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്കാണ് നിലവിലുള്ളത്.

(സി) 1998-99 നേക്കാൾ 1999-2000 ൽ ട്രഷറി സേവിംഗ്സിൽ അധികമായി സമാഹരിക്കാൻ കഴിഞ്ഞ തുക വിശദമായി താഴെ കൊടുക്കുന്നു.

നിക്ഷേപ വിവരം	1998-99 ലെ നിക്ഷേപം	1999-2000ലെ നിക്ഷേപം	അധികം സമാഹരിച്ചത്
1) സേവിംഗ്സ് ബാങ്ക്	16760119590	23113345916	635,32,26,326
2) പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക്	77193568	87758679	1,05,65,111
3) സ്ഥിര നിക്ഷേപം	6259220775	11479372236	522,01,51,461

(ഡി) നിലവിലുള്ള സംവിധാനം തീർത്തും കുറ്റമറ്റതും കുറേക്കൂടി കാര്യക്ഷമമാക്കാനും ഉദ്ദേശിക്കുന്നു.

ട്രഷറി കംപ്യൂട്ടർവൽക്കരണ നടപടികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

35 (1858) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ട്രഷറി കംപ്യൂട്ടർ വൽക്കരണ നടപടികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) 'ട്രഷറി കംപ്യൂട്ടർ നെറ്റ് വർക്ക്' എന്ന ആശയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത് എത്ര ഘട്ടമായി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ഡി) കംപ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുവാൻ എന്ത് പദ്ധതിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്;

(ഇ) കംപ്യൂട്ടർവൽക്കരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ട്രഷറി ഇടപാടുകൾ സുഗമവും എളുപ്പവും കുറ്റമറ്റതും ആക്കുക, സർക്കാരിന്റെ വരവ് ചെലവു കണക്കുകൾ അതാതു ദിവസം തന്നെ

LIBRARY ARCHIVES Kerala Legislative Assembly